ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 2015 ഏപ്രിൽ മാസം മുതൽ പർച്ചേസ് ഓർഡറുകൾ നൽകിക്കഴിഞ്ഞു. നിലവിൽ അവശ്യമരുന്നുകൾ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ലഭ്യമാണ്.

കൂടാതെ മരുന്ന് ദൗർലഭ്യം പരിഹരിക്കുന്നതിനായി വിതരണക്കാരെ ലഭിക്കാത്ത 71 ഇനം മരുന്നുകളും മുൻ വർഷത്തെക്കാൾ വളരെ കൂടിയ വില ക്വാട്ട് ചെയ്ത 20 ഇനം മരുന്നുകളും ഉൾപ്പെടെ 91 ഇനം മരുന്നുകൾക്കുള്ള റീ-ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഈ കാലയളവിൽ ഏതെങ്കിലും അവശ്യമരുന്നിന്റെ ദൗർലഭ്യം നേരിട്ടാൽ കോർപ്പറേഷന്റെ കീഴിലുള്ള കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസി മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആരോഗ്യ വകുപ്പിനെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനെയും അറിയിച്ചിട്ടുണ്ട്.

അന്ധതാ നിവാരണ പ്രവർത്തനങ്ങൾ

27 (692) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിമിര രോഗികളെ കണ്ടെത്തുക, സ്കൂൾ കുട്ടികളുടെ നേത്ര വൈകല്യങ്ങൾ കണ്ടെത്തുക തുടങ്ങിയ അന്ധതാ നിവാരണ പ്രവർത്തനങ്ങൾ ഗ്രാമപ്രദേശങ്ങളിൽ നടപ്പിലാക്കുന്നതിനായി നേത്ര പരിശോധകരില്ലാത്ത സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ നേത്ര പരിശോധകരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) സ്വന്തമായി വാഹനങ്ങൾ ഇല്ലാത്ത സഞ്ചരിക്കുന്ന കണ്ണാശുപത്രികൾക്കായി വാഹനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) അന്ധതാ നിവാരണ പരിപാടിയുടെ ഭാഗമായി വൃദ്ധജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കും സൗജന്യമായി കണ്ണട വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഗ്രാമീണ പ്രദേശങ്ങളിലെ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങളിൽ നേത്ര പരിശോധകർ (ഒപ്റ്റോമെട്രിസ്റ്റ്) നിലവിലുണ്ട്. നേത്ര രോഗ വിദഗ്ധരുള്ളതും എന്നാൽ നേത്ര പരിശോധകർ നിലവിലില്ലാത്തതുമായ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ നേത്ര പരിശോധകരുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ശിപാർശ പരിശോധിച്ചുവരുന്നു.

(ബി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വാഹനം നല്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ദേശീയ അന്ധതാ നിവാരണ പരിപാടിയുടെ ഭാഗമായി വെള്ളെഴുത്ത് ബാധിച്ചവർക്ക് വെള്ളെഴുത്ത് കണ്ണടയും സ്കൂൾ കുട്ടികളിൽ (പത്താം തരം വരെ) കാഴ്ച വൈകല്യം ബാധിച്ചവർക്ക് ആവശ്യമായ കണ്ണടയും സൗജന്യമായി വിതരണം ചെയ്യാനുള്ള സംവിധാനം നിലവിലുണ്ട്.

ആരോഗ്യ പരിശോധന നടത്താതെയുള്ള മാംസ വിൽപ്പന

28 (693) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയൽ സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ സംസ്ഥാനത്തേക്ക് കൊണ്ടു വരുന്ന കോഴി, ആട്, മാടുകൾ എന്നിവ വേണ്ടത്ര ആരോഗ്യ പരിശോധന നടത്താതെയാണ് സംസ്ഥാനത്ത് മാംസമാക്കി വിൽക്കുന്നത് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം മാംസം ഭക്ഷിക്കുന്ന ആളുകൾക്ക് പലതരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതു പരിഹരിക്കാൻ ചെക്ക് പോസ്റ്റുകളിൽ കർശന പരിശോധന നടത്തുകയും കുറ്റം ചെയ്തവർക്ക് കർശന ശിക്ഷ നടപ്പാക്കുകയും ചെയ്യുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

(സി) ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ച് നിലവിൽ ഭക്ഷ്യസുരക്ഷാവകുപ്പിന് സ്ഥിരം സംവിധാനങ്ങളില്ല. അനധികൃത അറവുശാല സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ ഗൗരവമായി കണ്ട് തുടർനടപടി സ്വീകരിക്കാറുണ്ട്. എന്നാൽ സംസ്ഥാനത്ത് ശാസ്ത്രീയ അറവുശാലകളുടെ ദൗർലഭ്യം ഇത് സംബന്ധിച്ച് കർശന നടപടികൾക്ക്. വിഘാതം സൃഷ്ടിക്കുന്നുണ്ട്. വിഷയത്തിന്റെ ഗൗരവം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മുകളിൽ ശ്രദ്ധയിൽ വന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly